ctjedayur@gmail.com



# കൃഷിയുടെ സദ്ഫലങ്ങൾ

عَنْ أَنَسٍ رَضِيَ اللّٰهُ عَنْهُ قَالَ: قَالَ رَسُولُ اللّٰهِ ﷺ : مَا مِنْ مُسْلِمٍ يَغْرِسُ غَرْسًا أَوْ يَزْرَعُ زَرْعًا, فَيَأْكُلُ مِنْهُ طَيْرٌ أَوْ إِنْسَانٌ أَوْ بَهِيمَةٌ إِلَّا كَانَ لَهُ بِهِ صَدَقَةٌ

അനസുബ്നു മാലികി(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: "ഒരു മുസ്‌ലിം ചെടി നടുന്നു, അല്ലെങ്കിൽ കൃഷിചെയ്യുന്നു. അതിൽ നിന്ന് പക്ഷിയോ മനുഷ്യനോ മൃഗമോ ഭക്ഷിക്കുന്നു. എങ്കിലത് (അവന്റെ പേരിലുള്ള) ഒരു ദാനധർമമാവാതെ തരമില്ല" (ബുഖാരി)

**ജീ**വസന്ധാരണത്തിന് ജീവികൾക്ക് ഭക്ഷണം നിർബന്ധമാണ്. അല്ലാഹു നൽകിയ കഴിവും ആരോഗ്യവും ഉപയോഗപ്പെടുത്തി ഭക്ഷണം ലഭ്യമാക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കുന്നത് സൽകർമവും പ്രതിഫലാർഹവുമാണ്. സ്വന്തമായി അധ്വാനിച്ചുണ്ടാക്കി കഴിക്കുന്ന ഭക്ഷണം അത്യധികം ശ്രേഷ്ഠകരമാണെന്ന് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. ഒരാൾ ഒരു തൈ നടുകയും നല്ല വെള്ളവും വളവും നൽകി ശ്രദ്ധാപൂർവം വളർത്തുകയും അതിൽ നിന്ന് തണലായോ ഫലമായോ വിറകായോ മൃഗങ്ങളോ പക്ഷികളോ ഇതര ജന്തുജാലങ്ങളോ മനുഷ്യരോ പ്രയോജനമെടുക്കുകയാണെങ്കിൽ അതിന്റെ പ്രതിഫലം ആ മരം നട്ടവന്ന് ലഭിക്കുന്നതാണ്. എത്രത്തോളമെന്ന് വെച്ചാൽ, ഒരു കർഷകൻ നട്ടു നനച്ച് വളർത്തി വലുതാക്കിയ വൃക്ഷത്തിൽ ഒരു പക്ഷി കൂടുകെട്ടി താമസിക്കുകയോ അതിൽ നിന്ന് നിലത്ത് വീണ പഴം പുഴുക്കളോ ഇതര ജീവികളോ ഭക്ഷിക്കുകയോ, വല്ല മനുഷ്യനും അതെടുത്ത് വിശപ്പടക്കുകയോ ചെയ്താൽ പോലും ആ കർഷകന് അതിന്റെ പ്രതിഫലം ലഭിക്കുക തന്നെ ചെയ്യും. അവൻ അറിയാതെ അവന്റെ പ്രതിഫലത്തിന്റെ അക്കൗണ്ട് നിറഞ്ഞുകവിഞ്ഞു കൊണ്ടിരിക്കുമെന്നർഥം. അവസാനം അവന്റെ സങ്കൽപത്തിനുമപ്പുറമായ അളവിൽ പരലോകത്ത് അത് അവന്ന് ലഭിക്കുകയും ചെയ്യും. അന്ത്യനാളിന്റെ കാഹള മുഴക്കം കേൾക്കുന്ന സന്ദർഭത്തിൽ ആരുടെയെങ്കിലും കൈയിൽ ഒരു തൈ ഉണ്ടെങ്കിൽ അത് മണ്ണിൽ കുഴിച്ചിടണം എന്ന് പ്രവാചകൻ (സ) ഉണർത്തിയത് കാർഷികവൃത്തിയുടെ മഹത്വത്തെയാണ് ഉയർത്തിക്കാട്ടുന്നത്. പ്രവാചകൻ (സ) പറഞ്ഞു: "ഓരോ മുസ്‌ലിമും നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കപ്പെടുന്നത് അവന്റെ കണക്കിൽ ദാനമാണ്; അതിൽ നിന്ന് മോഷ്ടിക്കപ്പെടുന്നതും അവന്റെ കണക്കിൽ സ്വദഖയാണ്; അതിൽ നിന്ന് വന്യജീവികൾ ഭക്ഷിക്കുന്നതും സ്വദഖയാണ്; അതിൽ നിന്ന് പക്ഷികൾ തിന്നാലും അവന്റെ കണക്കിൽ ദാനമാണ്; അതിന് ഏൽപിക്കുന്ന ഓരോ ക്ഷതവും അവന്റെ കണക്കിൽ സ്വദഖയാണ്'' (മുസ്‌ലിം)

ഇമാം ഖുർതുബി പറഞ്ഞു: "നിർബന്ധമായ സാമൂഹിക ബാധ്യതകളിലൊന്നാകുന്നു കൃഷി. ജനങ്ങളെ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക തുടങ്ങിയ സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾക്ക് നിർബന്ധിക്കേണ്ടത് ഭരണാധികാരിയുടെ നിയമപരമായ ബാധ്യതയാകുന്നു."

ഒരാളുടെ കൈവശം വല്ല ഭൂമിയും ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ ഒന്നുകിൽ അയാൾ അതിൽ കൃഷി ചെയ്യണം, അല്ലെങ്കിൽ അത് മറ്റുള്ളവർക്ക് കൃഷിചെയ്യാൻ സൗജന്യമായി വിട്ട് നൽകണം. നബി (സ) അരുളി: "ഭൂമിയുള്ളവൻ അതിൽ കൃഷി ചെയ്യുക. അല്ലെങ്കിൽ കൃഷി ചെയ്യാൻ അത് തന്റെ സഹോദരന് കൊടുക്കുക. പാട്ടത്തിന് കൊടുക്കരുത്" (മുസ്‌ലിം)

തരിശായി കിടക്കുന്ന ഭൂമി കണ്ടാൽ അതിനെ കൃഷിയോഗ്യമാക്കി മാറ്റുന്നത് പുണ്യകരമാണ്. സംസ്കരിക്കപ്പെടാതെ തരിശായി കിടക്കുന്ന നിലങ്ങളെ കൃഷിക്കും ജനവാസത്തിനും മറ്റും ഉപയുക്തമാം വണ്ണം ഒരുക്കിയെടുക്കുന്നതിനെ ശരീഅത്തിൽ 'നിർജീവഭൂമിയ ജീവിപ്പിക്കൽ' എന്നു പറയുന്നു. തരിശുഭൂമി ഉപയോഗപ്പെടുത്തി മനുഷ്യന്റെ സമ്പത്തും ക്ഷേമൈശ്വര്യങ്ങളും വർധിപ്പിച്ചുകൊണ്ട് വിപുലമായ നാഗരികത കെട്ടിപ്പടുക്കണമെന്നത് ഇസ്‌ലാമിന്റെ തേട്ടമാണ്. തരിശായി കിടക്കുന്ന ഭൂമിയെ കൃഷിയോഗ്യമാക്കിമാറ്റുന്നതിന് ഇസ്‌ലാം വളരെയേറെ പ്രോത്സാഹനം നൽകുന്നു. പ്രവാചകൻ (സ) അരുളി: "ഒരുവൻ ഒരു നിർജീവി ഭൂമിയെ സജീവമാക്കിയാൽ അതവന്റേതാകുന്നു. എന്നാൽ അക്രമിയുടെ അധ്വാനത്തിന് യാതൊരു അവകാശവുമില്ല" (അബൂ ദാവൂദ്). ■